# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 4247 — 16/12/2014-ൽ മറുപടിക്ക്

### ആദിവാസി ഊരുകളിൽ വർദ്ധിച്ചുവരുന്ന ശിശുമരണങ്ങൾക്കെതിരെ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.അജിത് : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര ആദിവാസി ശിശുമരണങ്ങളാണ് നടന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് ആദിവാസി മേഖലയിൽ ആകെ 162 ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ ആദിവാസി ഊരുകളിൽ സംഭവിക്കുന്ന ശിശുമരണങ്ങളുടെ കാരണങ്ങൾ എന്തൊക്കെയെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | ഉണ്ട്. ഗർഭകാല പരിചരണത്തിന്റെ കുറവ്, അമ്മമാരുടെ പോഷകാഹാര കുറവ്, യഥാസമയം ചികിത്സ തേടുന്നതിനുള്ള വൈമുഖ്യം, ഗാർഹിക അതിക്രമങ്ങൾ, പ്രായപൂർത്തിയാകുന്നതിനുമുമ്പുള്ള ഗർഭധാരണം, സാധ്യമായ ചികിത്സ സംവിധാനങ്ങളെ കുറിച്ചുള്ള അറിവില്ലായ്മ, ഭക്ഷണ ശീലങ്ങളിലും മറ്റും ഉണ്ടായിട്ടുള്ള മാറിയ മനോഭാവം, ഗർഭകാല പരിചരണങ്ങളിലും മറ്റും പുലർത്തിപോരുന്ന പരമ്പരാഗത വിശ്വാസം, കാർഷിക ജീവിതക്രമത്തിൽ നിന്നും കുറഞ്ഞ നിരക്ക് തൊഴിലാളി ജീവിതക്രമത്തിലേക്ക് പരിണിതപ്പെട്ട ആദിവാസി ജീവിത ചുറ്റുപാടുകൾ തുടങ്ങിയവ ശിശുമരണ കാരണങ്ങളാകുന്നു. |
| (സി) | അടുത്ത കാലത്ത് ആദിവാസി ഊരുകളിൽ ശിശുമരണങ്ങൾ വർദ്ധിക്കുന്ന (കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;) സാഹചര്യത്തിൽ ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | മുൻ വർഷങ്ങളെ അപേക്ഷിച്ച് ആദിവാസി ഊരുകളിലെ ശിശുമരണ നിരക്ക് കുറവാണ്. എന്നാലും ചില ഒറ്റപ്പെട്ട ശിശുമരണങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. അട്ടപ്പാടി മേഖലയിലാണ് ആയത് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇത്തരത്തിലുള്ള ശിശുമരണങ്ങൾ സംഭവിക്കാതിരിക്കാൻ അമ്മമാരുടെയും കുട്ടികളുടെയും പോഷകാഹാരകുറവ് പരിഹരിക്കുന്നതിന് റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. അംഗൻവാടികൾ വഴി ന്യൂട്രീഷൻ കിറ്റുകൾ വിതരണം ചെയ്യുന്നുണ്ട്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കുമായി പ്രതി |

| | | | |
|---|---|---|---|
| | | | മാസം 1000 രൂപ ധനസഹായം അനുവദിക്കുന്ന 'ജനനി ജന്മരക്ഷ' പദ്ധതി നടപ്പിലാക്കി വരുന്നു. സാമൂഹ്യ നീതിവകുപ്പിന്റെ സമൂഹ അടുക്കളകൾ പ്രവർത്തിക്കുന്നു. പോഷകാഹാരകുറവുള്ള കുട്ടികൾക്ക് 'അമൃതം ന്യൂട്രിമിക്സ്' വിതരണം ചെയ്യുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും അയൺ ഫോളിക്ആസിഡ് ഗുളികകൾ വിതരണം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ